Draft #6 of File 113933/AD A2-3/2024/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 08-Sep-2026 09:59 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാർ സ്ഥാനത്ത് നിന്നും പ്രൊഫ.(ഡോ.) ബിസ്മി ഗോപാലകൃഷ്ണനെ (PEN: 3529, UPEN: U15498) വിടുതൽ ചെയ്തുകൊണ്ടും, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ൽ പ്രൊഫസറും, വകുപ്പ് മേധാവിയുമായി തിരികെ പ്രവേശിക്കാൻ അനുമതി നൽകിക്കൊണ്ടും, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 8131/AD A 2/2026/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 09.09.2026

---

*പരാമർശം:*-1.സർവകലാശാല ഉത്തരവ് നമ്പർ: 9137/AD A2/2024/MGU, തീയതി 10.10.2024

2.സർവകലാശാല ഉത്തരവ് നമ്പർ: 1803/AD A2/2026/MGU, തീയതി 20.02.2026

3.പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ സമർപ്പിച്ച 23.02.2026 തീയതിയിലെ അപേക്ഷ

4.സർവകലാശാല ഉത്തരവ് നമ്പർ: 6341/AD A2/2026/MGU, തീയതി 22.06.2026

5.28.07.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മിനുട്സ്, ഇനം നമ്പർ: 68/113933/AD A2-3/2024

**ഉത്തരവ്**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ലെ പ്രൊഫസറും, വകുപ്പ് മേധാവിയുമായ പ്രൊഫ.(ഡോ.)ബിസ്മി ഗോപാലകൃഷ്ണനെ 03.10.2024 പൂർവ്വാഹ്നം മുതൽ മഹാത്മാഗാന്ധി സർവകലാശാലാ രജിസ്ട്രാർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരം, പ്രൊഫ.(ഡോ.) ബിസ്മി ഗോപാലകൃഷ്ണന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ലെ വകുപ്പ് മേധാവിയുടെ താൽക്കാലിക ചുമതലയും നൽകിയിരുന്നു.

വ്യക്തിപരമായ കാരണങ്ങളാൽ, സർവകലാശാലാ രജിസ്ട്രാർ സ്ഥാനത്ത് നിന്നും തന്നെ വിടുതൽ ചെയ്യണമെന്നും, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ൽ പ്രൊഫസറും, വകുപ്പ് മേധാവിയുമായി തിരികെ പ്രവേശിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രൊഫ.(ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ പരിഗണിച്ചുകൊണ്ട്, പ്രൊഫ.(ഡോ.) ബിസ്മി ഗോപാലകൃഷ്ണനെ 30.06.2026 അപരാഹ്നം മുതൽ, സർവകലാശാലാ രജിസ്ട്രാർ സ്ഥാനത്ത് നിന്നും വിടുതൽ ചെയ്തുകൊണ്ടും, 01.07.2026 പൂർവ്വാഹ്നം മുതൽ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ൽ പ്രൊഫസറും,

വകുപ്പ് മേധാവിയുമായി തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം III, വകുപ്പ് 10 (17)-ൽ അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവായിരുന്നു. തദനുസരണം, പരാമർശം (4) സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

വൈസ് ചാൻസലർ കൈക്കൊണ്ട മേൽ നടപടി, 28.07.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന്, സിൻഡിക്കറ്റ് യോഗം പരാമർശം (5) പ്രകാരം, ചുവടെ ചേർത്തിരിക്കുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ലെ പ്രൊഫസറും, വകുപ്പ് മേധാവിയുമായിരുന്ന പ്രൊഫ.(ഡോ.)ബിസ്മി ഗോപാലകൃഷ്ണനെ 10.10.2024 തീയതിയിലെ 9137/AD A 2/2024/MGU ഉത്തരവ് പ്രകാരം, മഹാത്മാഗാന്ധി സർവകലാശാലാ രജിസ്ട്രാർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 23.02.2026 തീയതിയിൽ, ഡോ.ബിസ്മി ഗോപാലകൃഷ്ണൻ, സർവകലാശാലാ രജിസ്ട്രാർ സ്ഥാനത്ത് നിന്നും തന്നെ വിടുതൽ ചെയ്യണമെന്നും, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ൽ പ്രൊഫസറും, വകുപ്പ് മേധാവിയുമായി തിരികെ പ്രവേശിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയിന്മേൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം (3), വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായതും, തദനുസരണം പുറപ്പെടുവിച്ച 22.06.2026 തീയതിയിലെ 6341/AD A2/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രൊഫ.(ഡോ.)ബിസ്മി ഗോപാലകൃഷ്ണൻ
2.വൈസ് ചാൻസലറുടെ പി.എസ്
3.രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
4.ജോയിൻ്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
5.ഐ.ക്യു.എ.സി. (IQAC) / ഐ.ടി. സെൽ
6.ഓഡിറ്റ് / ഫിനാൻസ് / എഫ്.സി.സി.
7.എ.ഡി. എ 1/5/7/9, എ.ഡി. സി 4/5
8. ACC 1/Action Taken Report
9.വെബ്സൈറ്റ് / റെക്കോർഡ്സ്

Draft #6 of File 113933/AD A2-3/2024/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 08-Sep-2026 09:59 PM - Page 2

Draft #6 of File 113933/AD A2-3/2024/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 08-Sep-2026 09:59 PM - Page 3

The document is digitally approved. Hence signature is not needed.